## പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.300 | 08.06.2015 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് വന്യജീവികളുടെ ആക്രമണത്തിൽ കേരളത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന വ്യക്തമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലത്തു് വന്യജീവി ആക്രമണത്തിൽ കേരളത്തിൽ 459 പേർ കൊല്ലപ്പെട്ടു. ഇതിൽ 387 പേർ പാമ്പുകടിമൂലവും 72 പേർ മറ്റു വന്യജീവികളുടെ ആക്രമണം മൂലവുമാണ് മരണപ്പെട്ടത്. |
| (ബി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച പരാതികളിൽ ഏതൊക്കെ റേഞ്ചുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; ഇതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്തെ 105 ഫോറസ്റ്റ് റെയിഞ്ചുകളിൽ, 91 റെയിഞ്ചുകളിലും വന്യജീവികൾ കൃഷി നശിപ്പിക്കുന്നതു് സംബന്ധിച്ച് പരാതി ലഭിക്കാറുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം |

അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ച് മാറ്റുന്നതിനുള്ള എലിഫെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
12. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും വന്ധീകരിക്കുവാനുമുള്ള നടപടികൾ
13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.
14. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി

സെക്ഷൻ ഓഫീസർ

1. കുളത്തൂപ്പുഴ
2. പാലോട്
3. പരുത്തിപ്പള്ളി
4. ആര്യങ്കാവ്
5. തെന്മല
6. അച്ചൻകോവിൽ
7. കല്ലാർ
8. റാന്നി
9. ഗൂഡ്രിക്കൽ
10. വടശ്ശേരിക്കര
11. അഞ്ചൽ
12. പത്തനാപുരം
13. കോന്നി
14. നടുവത്തുമൂഴി
15. തൊടുപുഴ
16. കോതമംഗലം
17. കാളിയാർ
18. മുള്ളരിങ്ങാട്
19. മൂന്നാർ
20. ദേവികുളം
21. അടിമാലി
22. നേരിയമംഗലം
23. മറയൂർ
24. കാന്തല്ലൂർ
25. മാങ്കുളം
26. എരുമേലി
27. അയ്യപ്പൻകോവിൽ
28. നഗരംപാറ
29. കുമിളി
30. ആതിരപ്പള്ളി
31. പരിയാരം
32. പാലപ്പിള്ളി
33. വെള്ളികുളങ്ങര
34. കാലടി
35. കോടനാട്
36. തുണ്ടത്തിൽ
37. കുട്ടമ്പുഴ
38. ഇടമലയാർ
39. വടക്കാഞ്ചേരി
40. പട്ടിക്കാട്
41. മച്ചാട്
42. അട്ടപ്പാടി
43. അഗളി
44. മണ്ണാർക്കാട്
45. നിലമ്പൂർ
46. ഇടവണ്ണ
47. വഴിക്കടവ്
48. കാളികാവ്
49. കരുളായ്
50. ഒലവക്കോട്
51. വാളയാർ
52. ഒറ്റപ്പാലം
53. നെല്ലിയാമ്പതി
54. കൊല്ലങ്കോട്
55. ആലത്തൂർ
56. പെരുവണ്ണാമൂഴി
57. കുറ്റിയാടി
58. താമരശ്ശേരി
59. ബേഗൂർ
60. പേരിയ
61. മാനന്തവാടി
62. കൽപ്പറ്റ
63. മേപ്പാടി
64. ചെതലയം
65. കണ്ണവം
66. കൊട്ടിയൂർ
67. തളിപ്പറമ്പ
68. കാഞ്ഞങ്ങാട്
69. കാസർഗോഡ്
70. എ.ബി.പി. കോട്ടൂർ
71. നെയ്യാർ സാങ്ച്വറി
72. പേപ്പാറ സാങ്ച്വറി
73. ശെന്തുരുണി സാങ്ച്വറി
74. തേക്കടി
75. വള്ളക്കടവ്
76. പമ്പ
77. അഴുത
78. ഇടുക്കി
79. തട്ടേക്കാട്
80. തോൽപ്പെട്ടി
81. കുറിച്ചിയാട്
82. മുത്തങ്ങ
83. ബത്തേരി
84. സൈലന്റ് വാലി നാഷണൽ പാർക്ക്
85. ഭവാനി
86. ഇരവികുളം ദേശീയോദ്യാനം
87. ചിന്നാർ വൈൽഡ്‌ലൈഫ് സാങ്ച്വറി
88. ആനമുടി ഷോല ദേശീയോദ്യാനം
89. പീച്ചി
90. ചിമ്മിനി
91. ആറളം